പതിമൂന്നാം കേരള നിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി
(2011–14)

രണ്ടാമത് റിപ്പോർട്ട്

(കോഴിക്കോട് മെഡിക്കൽ കോളേജിനെ സംബന്ധിച്ച്)

2012 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി
(2011–14)

രണ്ടാമത് റിപ്പോർട്ട്

(കോഴിക്കോട് മെഡിക്കൽ കോളേജിനെ സംബന്ധിച്ച്)

1147/2012.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
ആമുഖം	..	vii
റിപ്പോർട്ട്	..	1

സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.

,, കെ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.

,, പി. എ. മാധവൻ, എം.എൽ.എ.

,, കെ. കെ. നാരായണൻ, എം.എൽ.എ.

,, ഷാഫി പറമ്പിൽ, എം.എൽ.എ.

,, കെ. എം. ഷാജി, എം.എൽ.എ.

,, കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

,, പി. ഉബൈദുള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. സുരേഷ്, ഡെപ്യൂട്ടി സെക്രട്ടറി

,, എൻ. പ്രേമചന്ദ്രൻ നായർ, അണ്ടർ സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, അണ്ടർ സെക്രട്ടറി.

ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂലൈ 17-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

തോമസ് ഉണ്ണിയാടൻ,

അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2012 ജൂലൈ 23.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അഴിമതി, റേഡിയോളജി വിഭാഗത്തിലെ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട്

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അഴിമതികൾ സംബന്ധിച്ച് അന്വേഷണം നടത്തി സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. പ്രസാദ് ഹർജികൾ സംബന്ധിച്ച സമിതിയുടെ കോഴിക്കോട് ജില്ലാ കളക്ടറേറ്റ് യോഗത്തിൽ ഒരു പൊതുതാൽപ്പര്യ ഹർജി സമർപ്പിച്ചിരുന്നു. ഹർജിയുടെ ഉള്ളടക്കം ചുവടെ ചേർക്കുന്നു:

2. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിലെ ഡോക്ടർമാർ ആശുപത്രിയിലെ സി.റ്റി. സ്കാനിംഗ് മെഷീൻ തകരാറിലാണെന്ന കാരണം പറഞ്ഞ്, ഡോക്ടർമാരും സ്വകാര്യ സ്കാനിംഗ് ലോബികളും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ, രോഗികളെ ഡോക്ടർമാർ സ്വകാര്യ സ്കാനിംഗ് സെന്ററുകളിലേക്ക് അയയ്ക്കുകയാണ്. അടിയന്തിരമായി എം.ആർ.ഐ. സ്കാൻ ചെയ്യേണ്ട രോഗികൾക്ക് ഒരാഴ്ച കഴിഞ്ഞാണ് സ്കാൻ റിപ്പോർട്ട് നൽകുന്നതെന്നും എന്നാൽ സ്വകാര്യ സ്കാനിംഗ് സെന്ററുകളിൽ രണ്ട് മണിക്കൂറിനകം റിപ്പോർട്ട് നൽകുന്നതിനാൽ രോഗികൾ സ്വകാര്യ സ്കാനിംഗ് സെന്ററുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും കൂടാതെ മെഡിക്കൽ കോളേജിൽ നിന്നും പുറംതള്ളുന്ന മലിനജലം സമീപപ്രദേശങ്ങളിലേക്ക് ഒഴുകി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ആയതിനാൽ സമിതി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പ്രശ്നത്തിന് സത്വരപരിഹാരം കാണണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

3. പ്രസ്തുത ഹർജി അടിയന്തിര റിപ്പോർട്ടിനായി 2-12-2011-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേക്ക് അയച്ചിരുന്നുവെങ്കിലും അതുസംബന്ധിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ലഭ്യമാക്കിയിരുന്നില്ല.

4. കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട മറ്റൊരു ഹർജി കൂടി കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒരു വിഭാഗം ഡോക്ടർമാർ പേരുവയ്ക്കാതെ സമിതിക്ക് സമർപ്പിച്ചിരുന്നു. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സർക്കാർ നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും കോഴിക്കോട് മെഡിക്കൽ കോളേജിലെ 90% ഡോക്ടർമാരും സ്വകാര്യപ്രാക്ടീസ് നടത്തുകയാണെന്നും അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്യാൻ ബാധ്യസ്ഥരായ മെഡിക്കൽ ഓഫീസർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുമ്പോൾ അവർക്കുപകരം ജൂനിയർ പി.ജി. വിദ്യാർത്ഥികളാണ് അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്യുന്നതെന്നും അദ്ധ്യാപകരായ ഡോക്ടർമാർ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് അപൂർവ്വമാണെന്നും മാത്രമല്ല പ്രസ്തുത മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാരെ സ്വകാര്യ ആശുപത്രികളിൽ ഇന്റേൺഷിപ്പ് കാലയളവിൽ പ്രവൃത്തി പരിചയം നേടുവാനായി ജോലി ചെയ്യുവാൻ വകുപ്പുമേധാവികൾ നിർബന്ധിക്കുകയാണെന്നും പ്രസ്തുത ഹർജിയിൽ ആരോപിച്ചിരുന്നു. ആയതു സംബന്ധിച്ച പത്രവാർത്തകളുടെ പകർപ്പുകളും ഹർജിയോടൊപ്പം സമർപ്പിച്ചിരുന്നു.

5. സമിതിക്ക് ലഭിച്ച മേൽ പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി നിജസ്ഥിതി അറിയുന്നതിനും ഹർജിയിൽ ആരോപിക്കപ്പെടുന്നതു പോലെയുള്ള അനാരോഗ്യ പ്രവണതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഹർജികളിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിലും ആയതു സംബന്ധിച്ച് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിച്ചു. എന്നാൽ 9-6-2012-ൽ കോഴിക്കോട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ആരോഗ്യവകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ ആരും ഹാജരാകാതിരുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ആയതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്ന് വിശദീകരണം തേടുന്നതിനും 19-6-2012-ൽ തിരുവനന്തപുരത്തുവച്ച് വീണ്ടും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. 9-6-2012-ൽ കോഴിക്കോട് കളക്ടറേറ്റിൽ വച്ചും 19-6-2012-ൽ തിരുവനന്തപുരത്ത് വച്ചും സമിതി നടത്തിയ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് ബോദ്ധ്യമായ വസ്തുതകളും നിഗമനങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

6. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സ്കാനിംഗ് വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും അടിയന്തിര സ്വഭാവമുള്ള കേസുകളുമായി ബന്ധപ്പെട്ട എല്ലാ രോഗികളെയും അവിടെത്തന്നെയാണ് സ്കാൻ ചെയ്യുന്നതെന്നും അടിയന്തിരമായി ചെയ്യുന്ന സ്കാനിംഗിന്റെ റിപ്പോർട്ട് അപ്പപ്പോൾത്തന്നെ നൽകാറുണ്ടെന്നും സ്കാനിംഗിനായി എത്തുന്ന രോഗികളെ സ്വകാര്യ സ്കാനിംഗ് സെന്ററുകളിലേക്ക് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും 12 വർഷം പഴക്കമുള്ള സ്കാനിംഗ് മെഷീനാണ് ആശുപത്രിയിൽ ഉപയോഗിക്കുന്നതെന്നും ഏകദേശം 2500 സി.റ്റി. സ്കാൻ, 500 എം.ആർ.ഐ. സ്കാൻ, 2500 അൾട്രാ സൗണ്ട് സ്കാൻ എന്നിവ ഓരോ മാസവും ചെയ്തുവരുന്നുണ്ടെന്നും എം.ആർ.ഐ. സ്കാൻ ചെയ്തശേഷം റിപ്പോർട്ട് നൽകുന്നതിന് സാധാരണയായി മൂന്നുദിവസം വേണ്ടി വരുമെന്നും വിവിധ ഡോക്ടർമാരുമായി ചർച്ച നടത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതിനാലാണ് കാലതാമസം നേരിടുന്നതെന്നും എന്നാൽ അടിയന്തിര സ്വഭാവമുള്ള കേസുകളിൽ ഉടനടി റിപ്പോർട്ട് നൽകാറുണ്ടെന്നും എന്നാൽ രോഗികളുടെ ബാഹുല്യം, ടെക്നീഷ്യൻമാരുടെ എണ്ണത്തിലുള്ള കുറവ്, സ്കാനിംഗ് വിഭാഗത്തിലെ 24 മണിക്കൂർ പ്രവർത്തനം എന്നിവമൂലം ജോലിഭാരം വളരെ കൂടുതലാണെന്നും തൻമൂലമാണ് കാലതാമസം ഉണ്ടാകുന്നതെന്നും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വിശദീകരിക്കുകയുണ്ടായി.

7. കാലപ്പഴക്കവും തുടർച്ചയായ ഉപയോഗവും കൊണ്ടാണ് സ്കാനിംഗ് മെഷീൻ കേടാകുന്നതെന്നും ആശുപത്രി വികസന സൊസൈറ്റിയുടെ ഫണ്ട് ഉപയോഗിച്ച് പുതിയ സി.റ്റി. സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് ഉടനെ തീരുമാനമെടുക്കുന്നതാണെന്നും പ്രിൻസിപ്പൽ സമിതിക്ക് ഉറപ്പുനൽകി.

8. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടി മെഡിക്കൽ ഓഫീസർമാരായി സേവനമനുഷ്ഠിക്കേണ്ട സീനിയർ ഡോക്ടർമാർ അത്യാഹിത വിഭാഗത്തിലെ ജോലി പി.ജി. വിദ്യാർത്ഥികളെ ഏൽപ്പിച്ച ശേഷം സ്വകാര്യ പ്രാക്ടീസ് നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, സർക്കാർ ഡോക്ടർമാർ സ്വകാര്യപ്രാക്ടീസ് നിരോധന നിയമം ലംഘിക്കുന്നതായുള്ള നിരവധി കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ നിന്ന് ലഭിച്ച പരാതികളിന്മേൽ 7 ഡോക്ടർമാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിരുന്നുവെന്നും എന്നാൽ തെളിവുകളുടെ അഭാവത്തിൽ അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ പ്രസ്തുത മെഡിക്കൽ കോളേജിലെ തന്നെ ഓർത്തോപീഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ്, മെഡിസിൻ വിഭാഗങ്ങളിലെ ചില ഡോക്ടർമാർക്കെതിരെ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന്റെ പേരിൽ കേസെടുത്തിട്ടുണ്ടെന്നും അവരുടെ പേരിലുള്ള അച്ചടക്ക നടപടി വിവിധ ഘട്ടങ്ങളിലാണെന്നും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു. മെഡിക്കൽ കോളേജ് ഒഴികെയുള്ള ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമായി തുടരുന്നതിന്റെ പഴുത് ഉപയോഗിച്ച് ദമ്പതിമാരിൽ ഒരാൾ മെഡിക്കൽ കോളേജിലെ ഡോക്ടർ ആണെങ്കിൽ അവർ നടത്തുന്ന സ്വകാര്യ പ്രാക്ടീസ് കണ്ടുപിടിക്കാൻ പ്രയാസമായതിനാൽ അവർ അത് നിർബാധം നടത്തി വരുന്നതായി പ്രിൻസിപ്പൽ വെളിപ്പെടുത്തുകയുണ്ടായി. കൂടാതെ അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്യേണ്ട ഡോക്ടർമാർ ഡ്യൂട്ടി സമയത്ത് ഹാജരാകാതിരിക്കുക, മെഡിക്കോലീഗൽ കേസുകൾ അറ്റന്റ് ചെയ്യാതിരിക്കുക തുടങ്ങിയ കേസുകളുടെ പേരിൽ രണ്ട് ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

9. ഹൗസ് സർജൻസി കാലയളവിൽ പി.ജി. വിദ്യാർത്ഥികൾ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യണമെന്ന് സീനിയർ ഡോക്ടർമാർ നിർബന്ധിക്കുന്നതായുള്ള പരാതി സംബന്ധിച്ച സമിതിയുടെ അന്വേഷണത്തിന് പി.ജി. വിദ്യാർത്ഥികളിൽ നിന്ന് ഇതുവരെ ഇതുസംബന്ധിച്ച് പരാതി ഒന്നും ലഭിച്ചിട്ടില്ലെന്നും ഇന്റേണൽ അസസ്മെന്റിന് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച ഭയംമൂലമാകാം വിദ്യാർത്ഥികൾ പരാതിപ്പെടാത്തതെന്നും എന്നാൽ ആയത് സംബന്ധിച്ച് ആശുപത്രി സൂപ്രണ്ടിന് ഊമക്കത്തുകൾ ലഭിക്കാറുണ്ടെന്നും അതിന്മേൽ പ്രിൻസിപ്പൽ തലത്തിൽ അന്വേഷണം നടത്താറുണ്ടെന്നും മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

10. ഹൗസ് സർജൻസി കാലയളവിൽ സ്വകാര്യ പ്രാക്ടീസ് നടത്തിയ രണ്ടു ഡോക്ടർമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും എന്നാൽ പി.ജി. വിദ്യാർത്ഥികൾ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണത്തിന് സഹപ്രവർത്തകരായ ഡോക്ടർമാരെത്തന്നെ നിയോഗിക്കേണ്ടി വരുന്നതിനാൽ പ്രസ്തുത അന്വേഷണം ഫലപ്രദമാകാറില്ലെന്നും എല്ലാ കോളേജുകളിലും ഓരോ വിജിലൻസ് സെല്ലുണ്ടെന്നും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

11. വിജിലൻസ് വകുപ്പ് മിന്നൽപരിശോധന നടത്തി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച കേസുകളിൽ ബന്ധപ്പെട്ട ഡോക്ടർമാർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാൻ സാധിക്കുന്നുണ്ടെന്നും എന്നാൽ ഡോക്ടർമാരുടെ പേരുകൾ വ്യക്തമാക്കിക്കൊണ്ടുള്ള പരാതികൾ മാത്രമേ വിജിലൻസിന് കൈമാറുവാൻ സാധിക്കുകയുള്ളൂവെന്നും സ്വകാര്യ പ്രാക്ടീസ് പൂർണ്ണമായും നിർത്താനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും എടുക്കുകയാണെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂവെന്നും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

12. സി.റ്റി. സ്കാൻ ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഡോക്ടർമാർ രോഗികൾക്ക് കുറിപ്പെഴുതി നൽകുന്നതും ഗുരുതരാവസ്ഥയിലുള്ള രോഗികളെ ശുശ്രൂഷിക്കാതെ കോഴിക്കോട് മെഡിക്കൽ കോളേജിലെ സീനിയർ ഡോക്ടർമാർ പി.ജി. വിദ്യാർത്ഥികളെ ഡ്യൂട്ടിക്ക് നിയോഗിച്ചശേഷം സ്വകാര്യപ്രാക്ടീസ് നടത്തുന്നതും വളരെ ഗൗരവമേറിയ വിഷയങ്ങളാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധനം ഫലപ്രദമാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി കരുതുന്നു.

13. 6.45 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ മാലിന്യസംസ്ക്കരണ പ്ലാന്റ് 2010-ൽ കമ്മീഷൻ ചെയ്യുവാൻ തയ്യാറായതാണെന്നും എന്നാൽ മാലിന്യമുക്തമാക്കിയ ജലം (ട്രീറ്റഡ് വാട്ടർ) ഒഴുക്കി കളയുന്നത് സംബന്ധിച്ച് തർക്കമുണ്ടായെന്നും ജനങ്ങളുടെ പ്രതിഷേധംമൂലം പ്രസ്തുത പ്ലാന്റ് ഇതുവരെ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ലെന്നും തുടർന്ന് ആറരക്കോടിയിലധികം രൂപ ചെലവഴിച്ച് മാവൂർ റോഡുവഴി കനോലി കനാലിലേക്ക് മാലിന്യമുക്തമാക്കിയ ജലം ഒഴുക്കിക്കളയുന്നതിനുള്ള പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായെന്നും എന്നാൽ ആയതിന് ജനങ്ങളുടെ സഹകരണം ലഭിക്കുമെന്ന ഉറപ്പില്ലെന്നും മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ പ്രശ്നത്തിന്റെ ഗൗരവം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ജനങ്ങളുടെ സഹകരണം ലഭിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമെന്നും ആയതിനാൽ ഇതു സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുവാനും സമിതി തീരുമാനിച്ചു. തെളിവെടുപ്പ് വേളയിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വെളിപ്പെടുത്തിയ വിവരങ്ങൾക്ക് കടകവിരുദ്ധമായ റിപ്പോർട്ടാണ് തെളിവെടുപ്പുകൾക്കുശേഷം ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് 15-6-2012 തീയതിയായി ഹർജിയിന്മേലുള്ള റിപ്പോർട്ട് എന്ന നിലയിൽ ലഭ്യമാക്കിയത്. പ്രസ്തുത റിപ്പോർട്ടിൽ ഹർജിക്കാർ ഉന്നയിച്ച ആരോപണങ്ങൾ എല്ലാംതന്നെ നിഷേധിച്ചിരിക്കുന്നു. വസ്തുതകൾ വേണ്ടത്ര ഗൗരവത്തോടെ വിലയിരുത്താതെ മറുപടിക്കുവേണ്ടി സമർപ്പിച്ച ഒരു മറുപടിയാണ് അതെന്നും അതുകൊണ്ടു തന്നെ അത് വസ്തുനിഷ്ഠമായ ഒരു റിപ്പോർട്ടാണെന്ന് കരുതാൻ നിർവ്വാഹമില്ലെന്നും സമിതി വിലയിരുത്തുന്നു.

14. സമിതി നടത്തിയ തെളിവെടുപ്പുകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടതും കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്നതുമായ താഴെപ്പറയുന്ന കാര്യങ്ങൾ സമിതി ശുപാർശ ചെയ്യുന്നു:

ശുപാർശകൾ

15. ആധുനിക വൈദ്യശാസ്ത്രത്തിൽ രോഗനിർണ്ണയത്തിന് ഒഴിച്ചുകൂടാനാകാത്ത ഘടകമാണ് സ്കാനിംഗ്. ചികിത്സാ ചെലവുകൾ താങ്ങാനാകാതെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന പാവങ്ങൾക്ക് കുറഞ്ഞ ചെലവിൽ സ്കാനിംഗ് നിർവ്വഹിക്കാനുള്ള സംവിധാനങ്ങൾ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സ്കാനിംഗ് വിഭാഗത്തിലെത്തുന്ന രോഗികളുടെ ബാഹുല്യം, ഡോക്ടർമാരുടേയും ടെക്നീഷ്യൻമാരുടേയും എണ്ണത്തിലുള്ള കുറവ്, സ്കാനിംഗ് മെഷീന്റെ കാലപ്പഴക്കം, 24 മണിക്കൂർ പ്രവർത്തനം എന്നിവമൂലം ജോലിഭാരം കൂടുതലാണെന്നും അതാണ് സ്കാനിംഗ് റിപ്പോർട്ട് നൽകുന്നതിൽ കാലതാമസത്തിനിടയാക്കുന്നതെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത് രോഗികളെ ഏറെ ബുദ്ധിമുട്ടിക്കുന്നതായും ഇവർ ചൂഷണം ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ പരിസരത്ത് കേന്ദ്രീകരിച്ചിട്ടുള്ള സ്വകാര്യ സ്കാനിംഗ് സെന്ററുകളുടെ എണ്ണം പരിശോധിച്ചാൽ അവ വർദ്ധിച്ചുവരുന്ന ആവശ്യമനുസരിച്ച് സ്ഥാപിക്കപ്പെട്ടവയാണെന്ന് കാണാവുന്നതാണ്. സ്കാനിംഗിനായി ഡോക്ടർമാർ നൽകുന്ന കുറിപ്പുകളിലെ പേരുവിവരം പരിശോധിച്ചാലും സ്കാനിംഗ് സെന്ററുകളും ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ചിത്രം വ്യക്തമാകുന്നതാണ്. ഇതൊഴിവാക്കുന്നതിന് കോടിക്കണക്കിന് രൂപ മുടക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി സ്ഥാപിച്ചിട്ടുള്ള സംവിധാനങ്ങൾ കുറ്റമറ്റതായി പ്രവർത്തിപ്പിക്കുകയും തകരാറിലായ യന്ത്രസംവിധാനങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുകയും വേണം. ആയതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്കാനിംഗ് വിഭാഗത്തിൽ ആവശ്യാനുസരണം ടെക്നീഷ്യൻമാരെ നിയമിക്കണമെന്നും മെഷീന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും പുതിയ സി.ടി. സ്കാനിംഗ് മെഷീൻ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ ലഭ്യമാക്കി അത് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. കോഴിക്കോട് മെഡിക്കൽ കോളേജിൽത്തന്നെ ഏഴോളം ഡോക്ടർമാർക്കെതിരെ സ്വകാര്യ പ്രാക്ടീസ് നടത്തിയതിന് വകുപ്പുതല അന്വേഷണം നടന്നുവരുന്നുണ്ടെന്ന വെളിപ്പെടുത്തൽ അതീവഗൗരവതരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വിജിലൻസ് വകുപ്പ് മിന്നൽപരിശോധന നടത്തി, സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച കേസുകളിൽ ഡോക്ടർമാർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാൻ സാധിക്കുന്നുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് കണ്ടെത്തുന്നതിനുള്ള വിജിലൻസ് വകുപ്പിന്റെ മിന്നൽ പരിശോധന ഊർജ്ജിതമാക്കണമെന്നും സ്വകാര്യ പ്രാക്ടീസ് നിരോധനം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വകാര്യ പ്രാക്ടീസ് നിരോധന നിയമം ലംഘിക്കുന്ന ഡോക്ടർമാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണത്തിനായി സഹപ്രവർത്ത കരായ ഡോക്ടർമാരെത്തന്നെ നിയോഗിക്കേണ്ടി വരുന്നതിനാൽ അന്വേഷണം ഫലപ്രദമാകാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിചയസമ്പന്നരായ ആരോഗ്യവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗത്തിൽ ഇതിനായി പ്രത്യേകം സ്ക്വാഡ് രൂപീകരിക്കണമെന്നും ഇത്തരത്തിലുള്ള പരാതികൾ വിജിലൻസ് വകുപ്പ് പ്രത്യേക സ്ക്വാഡിനെ കൊണ്ട് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സമിതിയുടെയും എച്ച്.ഡി.എസിന്റെയും പ്രവർത്തനം ഊർജ്ജിതമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും മലിനജല നിർമ്മാർജ്ജന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാതിരുന്നാൽ കുടിവെള്ളത്തിലൂടെ സാംക്രമിക രോഗങ്ങൾ പടരാനിടയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ജലമലിനീകരണം സംബന്ധിച്ച പ്രശ്നം മലിനീകരണ നിയന്ത്രണബോർഡിന്റെയും ജലവിഭവ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ പരിഹരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മാലിന്യസംസ്കരണ പ്ലാന്റ് പ്രാവർത്തികമാക്കാൻ സാധിക്കാത്തത് ഇക്കാര്യത്തിലുള്ള പൊതുജനങ്ങളുടെ പ്രതിഷേധം നിലവിലുള്ളതിനാലാണെന്ന് സമിതി മനസ്സിലാക്കുന്നു. മാലിന്യ നിർമ്മാർജന പ്ലാന്റിനുവേണ്ടി വാങ്ങിയ ഉപകരണങ്ങൾ നശിക്കുന്നതിനുമുമ്പ് സർക്കാർ തലത്തിൽ ജനപ്രതിനിധികൾ, നഗരസഭ അധികൃതർ, ജില്ലാ കളക്ടർ എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ചുകൂട്ടി പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ ദുരീകരിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. ആതുരസേവനത്തിന്റെ മഹത്വം മറന്ന് അടിയന്തിര ചികിത്സയ്ക്ക് അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകാതെ സ്വകാര്യപ്രാക്ടീസിന് പോകുന്ന മെഡിക്കൽ കോളേജ് ഡോക്ടർമാർ ആതുരസേവ നരംഗത്ത് ആത്മാർത്ഥതയോടെ ജോലി ചെയ്യുന്നവരെക്കൂടി അപമാനിക്കുന്ന തലത്തിലേക്കാണ് നീങ്ങുന്നതെന്ന് സമിതി വിലയിരുത്തുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 24 മണിക്കൂറും സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്നുറപ്പുവരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. അത്യാഹിതവിഭാഗവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ പരിഹരിച്ച് തൃപ്തികരമായ പ്രവർത്തനത്തിലൂടെ മാതൃകാസ്ഥാപനമായി കോഴിക്കോട് മെഡിക്കൽ കോളേജിനെ മാറ്റിയെടുക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിലെ പ്രവർത്തനത്തിലെ അപാകതകൾക്ക് മറ്റൊരു കാരണം അവശ്യം വേണ്ടുന്ന ജീവനക്കാരുടെ കുറവാണ്. ആയതിനാൽ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗി-നഴ്സ്-പാരാമെഡിക്കൽ സ്റ്റാഫ്-ഡോക്ടർ അനുപാതം മാനദണ്ഡമനുസരിച്ച് ക്രമീകരിക്കണമെന്നും രോഗികൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് അവശ്യം വേണ്ടുന്ന ഡോക്ടർമാരുടേയും നഴ്സുമാരുടേയും ടെക്നീഷ്യൻമാരുടേയും സേവനം ഉറപ്പ് വരത്തക്കരീതിയിൽ നിലവിലുള്ള ഒഴിവുകൾ നികത്തണമെന്നും യഥാർത്ഥ അനുപാതത്തിലുള്ള തസ്തികകൾ സൃഷ്ടിച്ച് മികച്ച സേവനം ഉറപ്പ് വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

തോമസ് ഉണ്ണിയാടൻ,

തിരുവനന്തപുരം,
2012 ജൂലൈ 23.

അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.